DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

17.04.2019

# കാർഷികമേഖലാവാർത്തകൾ

## നാളികേരവികസനപദ്ധതി

തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ നിന്നും പരമാവധി ആദായം വർദ്ധിപ്പിക്കുക എന്നതാണ് നാളികേര വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൃഷിവകുപ്പ് 2019-20-സാമ്പത്തിക വർഷം കേരഗ്രാമം പദ്ധതിയ്ക്കായി 4300 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ തേങ്ങയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക, തൊഴിലവസരം ഉറപ്പാക്കുക മുതലായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

## പച്ചക്കറിതൈകളും വിത്തുകളും വിൽപ്പനയ്ക്ക്

കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമിൽ ക്യാരറ്റ്, ബീറ്റ്യ്രൂട്ട്, പയർ വെണ്ട, പാവൽ, പടവലം, വഴുതനങ്ങ എന്നിവയുടെ തൈകൾ 10 രൂപ നിരക്കിൽ ലഭ്യമാണ്. പച്ചക്കറി വിത്തുപായ്ക്കറ്റുകൾ പായ്ക്കറ്റ് ഒന്നിന് 10 രൂപയ്ക്കും കൂടാതെ ഉമ ഇനത്തിൽപ്പെട്ട നെൽവിത്ത് കിലോ 40 രൂപ നിരക്കിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെ ടേണ്ട നമ്പർ: 0474-2426666.

## കാഡ്സ് ഫെസ്റ്റ്-വിത്തുത്സവം

തൊടുപുഴയിലെ കാഡ്സും ആത്മയും എം.ജി സർവകലാശാലയും ചേർന്ന് ഗ്രീൻഫെസ്റ്റ് -വിത്തുമഹോത്സവം ഈ മാസം 22 മുതൽ മേയ് 2 വരെ തൊടുപുഴ മുനിസിപ്പൽ മൈതാനിയിലും മേയ് 3 മുതൽ 13 വരെ എറണാകുളം ആലിൻ ചുവട്ടിലുള്ള കാഡ്സ് ബസാറിലും നടത്തുന്നു. ഇതിനൊപ്പം മാമ്പഴമേള, എഗ്ഫെസ്റ്റ് എന്നിവയുമുണ്ട്. എൻജിനീയറിങ്, പോളിടെക്നിക് വിദ്യാർഥികളുടെ കാർഷികാധിഷ്ഠിത കണ്ടുപിടിത്തങ്ങൾക്ക് മത്സരമൊരുക്കുന്ന വേളയിൽ അവയ്ക്കു വിപണന സൗകര്യവുമുണ്ടായിരിക്കും. ഇതിനോടനുബന്ധിച്ച് **'ജൈവകൃഷി- വിത്തു മുതൽ വിപണനം വരെ'** എന്ന വിഷയത്തിൽ കർഷകർക്ക് പത്തു ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സും സംഘടിപ്പിച്ചിരിക്കുന്നു. കാർഷിക-അനുബന്ധ വിഷയങ്ങളിൽ പത്തു സെമിനാറുകളുമുണ്ടായി രിക്കും. കൂടുതൽ വിവരങ്ങൾക്ക് 04862-223717, 9847413168, എന്നീ

നമ്പരുകളിൽ എറണാകുളത്തും, 90484778522 എന്ന നമ്പരിൽ തൊടുപുഴയിലും ബന്ധപ്പെടുക.

## പരിശീലനം

കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25 മുതൽ 27 വരെ ഇറച്ചിക്കോഴിവളർത്തലിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 0471-2732918.

## വിളകളെ വേനൽചൂടിൽ നിന്നും സംരക്ഷിക്കാനുള്ള മാർഗ നിർദ്ദേശങ്ങൾ

സംസ്ഥാനത്തെ താപനില 40 ഡിഗ്രി എന്ന നിലയിലെത്തുകയും വേനൽമഴ ശുഷ്ക്കമാവുകയും ചെയ്തുകൊണ്ടിരിക്കുന്നത് കാർഷിക വിളകൾക്ക് പ്രയാസകരമായ സാഹചര്യമാണ്. ഈ പശ്ചാത്തലത്തിൽ കാർഷിക രംഗത്ത് അനുവർത്തിക്കാവുന്ന മുൻകരുതലുകളും പരിപാലന മുറകളും ഇനി പറയുന്നു. കാർഷിക പ്രവർത്തനങ്ങൾ പകൽ 12 മുതൽ 3 വരെ യുള്ള സമയത്ത് ഒഴിവാക്കേണ്ടതാണ്. രാസകീടനാശിനികൾ ഒരു കാരണവശാലും ഈ സമയത്ത് പ്രയോഗിക്കാൻ പാടുള്ളതല്ല. ഭൂമിക്ക് ആവരണം എന്ന നിലയ്ക്ക് പുതയിടൽ വഴി മണ്ണിലുള്ള ഈർപ്പം നഷ്ടപ്പെടാതിരിക്കുന്നതിന് സാധിക്കുന്നു. ബാഷ്പീകരണം മൂലം ജലം നഷ്ടപ്പെടുന്നതും ഒഴിവാകുന്നു. ജൈവ പുതയിടലിൽ ഉണങ്ങിയ തെങ്ങോലകൾ, തൊണ്ട്, വിള അവശിഷ്ടങ്ങൾ എന്നിവ ഉത്തമമായ പുതവസ്തുക്കളാണ്. തടങ്ങളിൽ തൊണ്ട് കമിഴ്ത്തി അടുക്കുന്ന രീതി

എല്ലാ ദീർഘകാല വിളകൾക്കും ഏറെ അനുയോജ്യമാണ്. ജൈവാവശിഷ്ടങ്ങൾ ഒരു കാരണവശാലും കത്തിക്കരുത്. തീയിടുന്നത് അന്തരീക്ഷ താപനിലയും മണ്ണിലെ താപനിലയും ക്രമാതീതമായി ഉയരുന്നതിനും അനുബന്ധ പ്രശ്നങ്ങൾക്കും ഇടയാക്കും. ചപ്പുചവറുകൾ പുതയിടീലിനായി മാത്രം ഉപയോഗിക്കുക.